# 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 261** **23-01-2025 - ൽ മറുപടിയ്ക്ക്**

### അംഗൻവാടി, ഭിന്നശേഷി കുട്ടികളുടെ ആരോഗ്യപരിപാലനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അംഗൻവാടികൾക്ക് പ്രഥമ ശുശ്രൂഷാ കിറ്റ് ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | (എ) | (എ) ഉണ്ട്. അങ്കണവാടികൾക്ക് പ്രതിവർഷം മെഡിസിൻ കിറ്റുകൾ വിതരണം ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. Paracetamol 500 Mg, Paracetamol suspension 125 Mg/60 ml bottle, ORS Powder (WHO Formula) 21.8 gm, Saline Nasal Drops 15 ml, Povidone iodine ointment 5% W/W 15 gm, Calamine lotion 400 ml, Sterilized bandage 6 cm *4 Mtr Roll, Adhesive medicated Band Aid (General) 1'S, Thermometer Digital, Silver Sulfadiazine Cream 15 gm, Cotton 400 Gm, Hand Rub 500 Ml എന്നിങ്ങനെയുള്ള ഇനങ്ങൾ ഉൾപ്പെട്ട കിറ്റാണ് അങ്കണവാടികളിൽ വിതരണം ചെയ്ത് വരുന്നത്. |
| (ബി) | അംഗൻവാടി കുട്ടികൾക്ക് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായാൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (ബി) | (ബി) ഉണ്ട്. അങ്കണവാടി കുട്ടികൾക്ക് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായാൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് പുതിയമാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br>• അങ്കണവാടിയിൽ വച്ച് കുട്ടികൾക്ക് ഏതെങ്കിലും ആരോഗ്യ പ്രശ്നങ്ങളോ അപകടമോ മറ്റ് അനിഷ്ട സംഭവങ്ങളോ ഉണ്ടായാൽ ഉടനടി പ്രഥമ ശുശ്രൂഷ നൽകേണ്ടതും, ആവശ്യമെങ്കിൽ ഏറ്റവും അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ എത്തിച്ച് വൈദ്യ സഹായം നൽകേണ്ടതുമാണ്.<br>• ഇത്തരം സംഭവങ്ങൾ ഉണ്ടായാൽ കുട്ടിയുടെ രക്ഷാകർത്താക്കളെ അടിയന്തിരമായി അറിയിച്ച് വിവരം ധരിപ്പിക്കേണ്ടതാണ്.<br>• അങ്കണവാടിയിൽ വച്ച് ഉണ്ടാകുന്ന അപകടങ്ങൾ എല്ലാം തന്നെ യഥാസമയം ബന്ധപ്പെട്ട സൂപ്പർവൈസർ മുഖാന്തിരം മേൽ കാര്യാലയങ്ങളിൽ അറിയിക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| | | | • അടിയന്തിര സാഹചര്യങ്ങളിൽ കുട്ടികളുടെ രക്ഷിതാക്കളെ ബന്ധപ്പെടുന്നതിനുള്ള ഫോൺ നമ്പറുകൾ അങ്കണവാടികളിൽ സൂക്ഷിക്കേണ്ടതാണ്.<br>• എല്ലാ അങ്കണവാടികളിലും ഫസ്റ്റ് എയ്ഡ് കിറ്റ് നിർബന്ധമായിട്ടും സൂക്ഷിക്കേണ്ടതാണ്.<br>• സ്പെഷ്യലി ഏബിൾഡ്, ഹൈപ്പർ ആക്ടിവിറ്റി തുടങ്ങിയവയുള്ള കുട്ടികളെ അങ്കണവാടിയിൽ കൊണ്ടുവരുമ്പോൾ അവിടുത്തെ സാഹചര്യവുമായി പൊരുത്തപ്പെടുന്നതുവരെ ടി കുട്ടികളുടെ രക്ഷിതാക്കളെ കൂടി അങ്കണവാടിയിൽ നിർത്തേണ്ടതാണ്.<br>• അങ്കണവാടിയിൽ കാലാവധി കഴിഞ്ഞ ഭക്ഷ്യ വസ്തുക്കൾ സൂക്ഷിക്കുന്നില്ല എന്ന് ഉറപ്പ വരുത്തേണ്ടതാണ്.<br>• അങ്കണവാടിയിൽ കുട്ടികൾക്ക് സുരക്ഷ ഭീഷണി ഉയർത്തുന്ന എല്ലാ സാഹചര്യങ്ങളും ഒഴിവാക്കേണ്ടതാണ്.<br>• അങ്കണവാടിയിൽ കുട്ടികൾക്ക് ഭക്ഷണം പാചകം ചെയ്യുന്ന വേളയിലും ഭക്ഷണം കൊടുക്കുന്ന അവസരത്തിലും ശുചിത്വം നിർബന്ധമായും പാലിക്കേണ്ടതാണ്. കുട്ടികൾക്ക് തിളപ്പിച്ചാറിയ വെള്ളം തന്നെ നൽകുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.<br>• കുട്ടികളുടെ മേൽ എപ്പോഴും വർക്കറുടേയോ ഹെൽപ്പറുടേയോ ശ്രദ്ധ ഉണ്ടായിരിക്കേണ്ടതാണ്.<br>• സമീപത്തുള്ള ആരോഗ്യ സേവന കേന്ദ്രം, പോലീസ്, പഞ്ചായത്ത്, ഐ.സി.ഡി.എസ് സൂപ്പർവൈസർ തുടങ്ങി അടിയന്തിര സാഹചര്യങ്ങളിൽ ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ അങ്കണവാടിയിൽ പ്രദർശിപ്പിക്കേണ്ടതാണ്.<br>• മേൽപ്പറഞ്ഞ കാര്യങ്ങൾ എല്ലാ ALMSC യോഗത്തിലും അജണ്ടയിൽ ഉൾപ്പെടുത്തി സുരക്ഷ കാര്യങ്ങൾ ഉറപ്പ വരുത്തേണ്ടതാണ്. |
| (സി) | അംഗൻവാടി ജീവനക്കാർക്ക് പ്രഥമ ശുശ്രൂഷയ്ക്കുള്ള പരിശീലനം നൽകുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (സി) | (സി) ആരോഗ്യപ്രവർത്തകർ മുഖേന അങ്കണവാടി ജീവനക്കാർക്ക് സെക്ടർ/പ്രോജക്റ്റ്തല മീറ്റിംഗുകളിൽ പ്രഥമ ശുശ്രൂഷയ്ക്കുള്ള പരിശീലനം നൽകിയിട്ടുണ്ട്. |
| (ഡി) | ഭിന്നശേഷി കുട്ടികളുടെ ആരോഗ്യകാര്യത്തിൽ പ്രത്യേക പരിഗണന ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | (ഡി) കുട്ടികളിലെ ഭിന്നശേഷിത്വത്തിന്റെ സാധ്യത അങ്കണവാടി ജീവനക്കാർക്ക് മുൻകൂട്ടി തിരിച്ചറിയാൻ കഴിഞ്ഞാൽ കുട്ടിയെ യഥാസമയം ചികിത്സക്കായി ആരോഗ്യവകുപ്പിലേക്ക് റെഫർ ചെയ്യുവാനും, തുടർന്നുള്ള ഘട്ടങ്ങളിൽ പിന്തുണ നൽകി കുട്ടികളിലെ |

| | | | |
|---|---|---|---|
| | | | ഭിന്നശേഷിത്വം സാരമായി കുറയ്ക്കുവാനും സാധിക്കും. ആയതിലേയ്ക്കായി വകുപ്പ്, ശിശുവികസന പദ്ധതി ഓഫീസർമാർക്കും, സൂപ്പർവൈസർമാർക്കും തിരുവനന്തപുരം ചൈൽഡ് ഡവലപ്പ്മെന്റ് സെന്റർ മുഖേന Early Detection of Disability യിൽ ട്രെയിനിംഗ് നൽകിയിട്ടുണ്ട്. ട്രെയിനിംഗ് ലഭിച്ചിട്ടുള്ള ശിശുവികസന പദ്ധതി ഓഫീസർമാർ, സൂപ്പർവൈസർമാർ എന്നിവരെ നിയോഗിച്ച് സംസ്ഥാനത്തെ എല്ലാ അങ്കണവാടി വർക്കർമാർക്കും ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br><br>സ.ഉ (സാധാ) നം 405/2024/WCDD തീയതി 17.10.2024 പ്രകാരം വികസനവെല്ലുവിളികൾ നേരിടുന്ന രണ്ടുവയസ്സിനും മൂന്ന് വയസ്സിനും ഇടയിലുള്ള കുഞ്ഞുങ്ങളെ ചികിൽസയുടെ ഭാഗമായി മറ്റ് കുട്ടികളോടൊപ്പം ഉൾപ്പെടുത്തി മാനസിക വികാസത്തിന് അവസരം കൊടുക്കുന്നതിനായി അങ്കണവാടിയിൽ പ്രവേശനം അനുവദിക്കുന്നതിനും, ആവശ്യമുള്ള പക്ഷം അങ്കണവാടി പ്രവർത്തനത്തിന് തടസ്സം വരാത്ത രീതിയിൽ കുട്ടിയുടെ സംരക്ഷകരാരെങ്കിലും (അമ്മ,അമ്മൂമ്മ തുടങ്ങിയവർ) കൂടി ഈ സമയങ്ങളിൽ അങ്കണവാടിയിൽ നിൽക്കുന്നതിനുമുള്ള അനുമതി നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ